പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 4189

16.03.2017 -ലെ മറുപടിയ്ക്ക്

## കട്ട മെടയൽ ഉൾപ്പെടെയുള്ള ജോലി ചെയ്യുവരുന്നവർക്ക് സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) 2010-11 മുതൽ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന തൊഴിൽ വകുപ്പ് ധനസഹായം നൽകി വരുന്നു. പരമ്പരാഗത മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250/- രൂപ നിരക്കിൽ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 179.55 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ധനസഹായം നൽകുന്നതിന് 65 കോടി രൂപ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 32.5 കോടി രൂപ കൈത്തറി, ഫിഷറീസ്, ഖാദി, ബാംബൂ എന്നീ മേഖലയിലെ തൊഴിലാളികൾക്ക് ഇതിനകം വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) കാസർഗോഡ് ബദിയടുക്കയിലും പരിസരങ്ങളിലും ജീവിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ പ്രധാന കുലത്തൊഴിലായ കട്ട മെടയൽ ഉൾപ്പെടെയുള്ള ജോലി ചെയ്യുവരുന്നവർക്ക് തൊഴിൽ സംരക്ഷണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) കാസർഗോഡ് ജില്ല പരിധിയിലുള്ള ബദിയടുക്ക എന്ന പ്രദേശത്തും പരിസരങ്ങളിലുമായി പുരാതന ഗോത്ര വിഭാഗത്തിൽപ്പെടുന്ന 'കൊറഗ' സമുദായക്കാർ ജീവിച്ചു വരുന്നുണ്ട്. തുളുഭാഷ സംസാരിക്കുന്ന ഇവർ കൂട്ടമായാണ് ജീവിക്കുന്നത്. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, എൺമകജെ, മുള്ളേരിയ, മധൂർ എന്നീ സ്ഥലങ്ങളിൽ മാത്രമാണ് ഇവർ ഉള്ളത്. 530 കുടുംബങ്ങളിലായി 1803 പേർ കട്ട/വട്ടി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. കാടുകളിൽ നിന്നും ഈറ്റ, മുള, വള്ളികൾ തുടങ്ങിയവ ശേഖരിച്ചാണ് കട്ട ഉണ്ടാക്കുന്നത്. |

കൊറഗ സമുദായക്കാർക്കുവേണ്ടി ജില്ലയിൽ 400 വീടുകൾ സർക്കാർ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 30 വീടുകൾ പുതുതായി നിർമ്മിച്ച് കൊണ്ടിരിക്കുന്നു. ഇവർക്കുവേണ്ടി ഒന്നരമാസം കൂടുമ്പോൾ 15 കിലോ അരിയും ധാന്യങ്ങളും മറ്റും ഓരോ കുടുംബത്തിലും ട്രൈബൽ വകുപ്പ് മുഖേന എത്തിച്ച് കൊടുക്കുന്നുണ്ട്. ഇവർക്ക് ക്ഷേമനിധി ബോർഡുകളിൽ അംഗത്വമില്ല. അംശാദായം അടക്കാൻ ഇവർ സന്നദ്ധരാകാത്തതാണ് പ്രധാനകാരണം.

Sreelekha

**സെക്ഷൻ ഓഫീസർ**